(സി) പ്രതിനിധിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ; ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണോ പ്രതിനിധികളെ തെരഞ്ഞെടുത്തതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II അടിയന്തരപ്രമേയം

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അമിതമായ ഫീസ് വർദ്ധനവിനും വിദ്യാഭ്യാസ കച്ചവടത്തിനുമെതിരെ നടന്ന വിദ്യാർത്ഥി മാർച്ചിനുനേരെ നടന്നതായി പറയപ്പെടുന്ന പോലീസ് അതിക്രമം

മി. സ്പീക്കർ : അമിതമായ ഫീസ് വർദ്ധനവിനും വിദ്യാഭ്യാസ കച്ചവടത്തിനുമെതിരെ ഇന്നലെ (8-7-2003-ന്) സംയുക്ത വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ സർക്കാർ ഓഫീസുകളിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്കുനേരെ കോഴിക്കോട്, കൽപ്പറ്റ, പെരിന്തൽമണ്ണ, അങ്കമാലി, പെരുമ്പാവൂർ, വൈക്കം, കിളിമാനൂർ, എന്നിവിടങ്ങളിൽ പോലീസ് ലാത്തിച്ചാർജും കണ്ണീർ വാതകപ്രയോഗവും നടത്തുകയും വിദ്യാർത്ഥി നേതാക്കളടക്കം നിരവധിപേർക്ക് സാരമായ പരിക്കുകൾ പറ്റി ആശുപത്രിയിൽ ആകുകയും നിരവധിപേരെ വിവിധ ജയിലുകളിലടയ്ക്കുകയും ചെയ്തിരിക്കുന്നു എന്നും വിദ്യാർത്ഥികൾക്കുനേരെ യാതൊരു പ്രകോപനവും കൂടാതെ പോലീസ് നടത്തിയിരിക്കുന്ന നിഷ്ഠൂരമായ ആക്രമണത്തെത്തുടർന്ന് രക്ഷകർത്താക്കളിലും ജനങ്ങളിൽ ആകെയും ഉണ്ടായിരിക്കുന്ന ആശങ്കയും വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥയും സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ട് ശ്രീ. മത്തായി ചാക്കോ, ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. എ. എ. അസീസ്, ശ്രീ. സി.കെ. നാണു, ശ്രീ. പി. സി. ജോർജ്, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾ സംസ്ഥാന വ്യാപകമായി താലൂക്ക് ഓഫീസുകളിലേക്കും വിദ്യാഭ്യാസ ജില്ലാ ഉപജില്ലാ ഓഫീസുകളിലേക്കും 2003 ജൂൺ 8-ന് നടത്തിയ മാർച്ചും ഉപരോധവും സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അക്രമാസക്തമാകുകയും പോലീസിന് നേരെ അക്രമം അഴിച്ചുവിട്ട് പ്രകോപനം സൃഷ്ടിക്കുകയുമാണ് ചെയ്തത്. സംഭവത്തിൽ നിരവധി പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫിസിലേക്ക് ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥി സംഘടനകളിൽപ്പെട്ട ഉദ്ദേശം 650 പേർ പ്രകടനമായി വരുകയും ഓഫീസിന് മുന്നിലെത്തിയ അവരെ പ്രധാനകവാടത്തിൽ വച്ച് പോലീസുകാർ തടയുകയും ചെയ്തു. അതിൽ പ്രകോപിതരായ വിദ്യാർത്ഥികൾ പോലീസിനോട് കയർക്കുകയും അത് ഉന്തിലും തള്ളിലും കലാശിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികൾ പോലീസുകാരെ വടികൊണ്ട് അടിക്കുകയും അവർക്ക് നേരെ കല്ലെറിയുകയും ചെയ്തു. അക്രമാസക്തരായ വിദ്യാർത്ഥികളെ പിരിച്ചുവിടാൻ പോലീസ് ടിയർഗ്യാസ് ഷെല്ല് പൊട്ടിച്ചു. അതോടെ വിദ്യാർത്ഥികൾ പിരിഞ്ഞുപോയി. കല്ലേറിൽ എട്ട് പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്കേറ്റു. ഓടിവീണ വിദ്യാർത്ഥികൾക്കടക്കം 4 പേർക്ക് പരിക്ക് പറ്റിയതായി ആരോപിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിൽസയ്ക്കായി പ്രവേശിപ്പിച്ചിട്ടുണ്ട്. സംഭവസ്ഥലത്തുനിന്ന് പോലീസ് എട്ടു പെൺകുട്ടികളടക്കം 37 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. കോടതി അവരെ റിമാൻഡ് ചെയ്തു. വയനാട്-കൽപ്പറ്റ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികളെ ഓഫീസിന് കുറച്ച് അകലെ പോലീസ് തടഞ്ഞു. തുടർന്ന് വിദ്യാർത്ഥികൾ പോലീസുമായി ഉന്തും തള്ളുമായി, അതിനിടയിൽ ഏതാനും വിദ്യാർത്ഥികൾ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേക്ക് ഓടിക്കയറി ഓഫീസ് ഉപകരണങ്ങൾക്ക് നാശനഷ്ടം വരുത്തി,പോലീസ് അവരെ അറസ്റ്റ്ചെയ്ത് നീക്കി. തുടർന്ന് അവരുടെ പേരിൽ കൽപ്പറ്റ പോലീസ് കേസ് എടുത്ത് കോടതിയിൽ ഹാജരാക്കി. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ ആർ.ഡി.ഒ. ഓഫീസിലേക്ക് ഉപരോധത്തിന് എത്തിയ നൂറ്റിയിരുപത്തിയഞ്ചിലധികം വിദ്യാർത്ഥികൾ പോലീസ് വലയം ഭേദിച്ച് ഓഫീസ് കോമ്പൗണ്ടിനുള്ളിലേക്ക് തള്ളിക്കയറി, അവരെ പോലീസ് ഓഫീസ് കോമ്പൗണ്ടിൽനിന്ന് പുറത്തിറക്കി. തുടർന്ന് വിദ്യാർത്ഥികൾ ധർണ്ണയിരുന്നശേഷം പിരിഞ്ഞുപോയി, പിന്നീട് പോലീസ് വിദ്യാർത്ഥികളെ മർദ്ദിച്ചു എന്ന് ആരോപിച്ച് 11 പേർ പെരിന്തൽമണ്ണ ആശുപത്രിയിൽ അഡ്മിറ്റ് ആയിട്ടുണ്ട്. അങ്കമാലിയിൽ ട്രഷറിയിലേക്ക് പ്രകടനം നടത്തിയ വിദ്യാർത്ഥികൾ പോലീസ് വലയം ഭേദിച്ച് ട്രഷറിയിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു. ആയതു തടഞ്ഞ സമയം പോലീസുമായി ഉന്തും തള്ളും ഉണ്ടായി. തുടർന്ന് സമരക്കാർ ധർണ്ണ നടത്തി പിരിഞ്ഞുപോയി. ഉന്തിലും തള്ളിലും സമരക്കാരിൽ ഏഴ് പേർക്ക് പരിക്ക് പറ്റിയതായി ആരോപിച്ച് അങ്കമാലി ജെ.ജെ. ആശുപത്രിയിൽ ചികിൽസയിലുണ്ട്. ഇക്കാര്യങ്ങൾക്ക് അങ്കമാലി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോട്ടയത്ത് വൈക്കം താലൂക്ക് ഓഫീസിലേക്ക് പ്രകടനം നടത്തിയ വിദ്യാർത്ഥികൾ ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു. അത് തടഞ്ഞ പോലീസുമായി വിദ്യാർത്ഥികൾ ഉന്തും തള്ളും നടത്തി, കൊടികെട്ടിയ കമ്പുകൊണ്ട് വിദ്യാർത്ഥികൾ പോലീസിനെ അടിക്കുകയും കുത്തുകയും ചെയ്തു. അതിന്റെ ഫലമായി പോലീസുകാർക്ക് പരിക്കേറ്റു. തുടർന്ന് വിദ്യാർത്ഥികൾ ഓഫീസിനു മുന്നിൽ ധർണ്ണ നടത്തി പിരിഞ്ഞുപോയി. ഇക്കാര്യത്തിൽ വൈക്കം പോലീസ് കേസ് എടുത്തു. പോലീസ് മർദ്ദിച്ചു എന്നാരോപിച്ച് 8 വിദ്യാർത്ഥികൾ വൈക്കത്തെ ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റായിട്ടുണ്ട്. പോലീസ് ലാത്തിച്ചാർജ് നടത്തുകയോ മർദ്ദിക്കുകയോ ചെയ്തിട്ടില്ല. തിരുവനന്തപുരം കിളിമാനൂർ എ.ഇ. ഓഫീസിലേക്ക് പ്രകടനമായി എത്തിയ വിദ്യാർത്ഥികൾ പോലീസ് വലയം

LIBRARY ARCHIVES Kerala Legislative Assembly

ഭേദിച്ച് ഓഫീസിനുള്ളിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു. പോലീസ് അവരെ തടഞ്ഞു.തുടർന്ന് വിദ്യാർത്ഥികളും പോലീസും തമ്മിൽ ഉന്തും തള്ളുമുണ്ടായി. അതിൽ രണ്ടു പോലീസുകാർക്ക് പരിക്കേറ്റു. ഇക്കാര്യത്തിൽ കിളിമാനൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. എട്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

<u>ശ്രീ. മത്തായി ചാക്കോ</u> : സർ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ കേരളത്തിലെ മിക്ക കോളേജുകളിലും അതുപോലെ തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഫീസ് വർദ്ധിപ്പിച്ച നടപടിക്ക് എതിരായും കഴിഞ്ഞ രണ്ടുവർഷക്കാലമായി സ്വകാര്യമാനേജുമെന്റിന് മുമ്പിൽ കൂലി അടിമകളെപ്പോലെ പെരുമാറുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ വിദ്യാഭ്യാസകച്ചവടനയത്തിന് എതിരായിട്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ ഈ അദ്ധ്യയനവർഷം ആരംഭിച്ചതു മുതൽ ശക്തമായിട്ടുള്ള വിദ്യാർത്ഥി പ്രക്ഷോഭം നടന്നുവരികയായിരുന്നു. ഈ സമരത്തിന്റെ ഭാഗമായി ഇന്നലെ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകൾക്ക് മുമ്പിലും അതുപോലെതന്നെ താലൂക്ക് ഓഫീസിന് മുന്നിലും വിദ്യാർത്ഥികളുടെ സമാധാനപരമായിട്ടുള്ള മാർച്ച് നടന്നു. പക്ഷെ ഈ മാർച്ചിനെ പേപ്പട്ടികളെ നേരിടുന്നതുപോലെയാണ് ആന്റണിയുടെ പോലീസ് ഈ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നേരിട്ടത്. എട്ട് സ്ഥലത്ത് ഭീകരമായിട്ടുള്ള ലാത്തിച്ചാർജ് നടന്നു. 51 വിദ്യാർത്ഥികൾ കോഴിക്കോട് മെഡിക്കൽ കോളേജുൾപ്പെടെയുള്ള കേരളത്തിലെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ട്. പെൺകുട്ടികൾ ഉൾപ്പെടെ 66 പേരെയാണ് വധോദ്യമം ഉൾപ്പെടെയുള്ള കേസുകൾ ചാർജ് ചെയ്ത് ജയിലുകളിൽ അടച്ചിട്ടുള്ളത്. കോഴിക്കോട്, കൽപ്പറ്റ പെരിന്തൽമണ്ണ, അങ്കമാലി, പെരുമ്പാവൂർ, വൈക്കം, കിളിമാനൂർ ഇങ്ങനെ ഏഴു സ്ഥലങ്ങളിലാണ് ഭീകരമായിട്ടുള്ള പോലീസ് മർദ്ദനം നടന്നിട്ടുള്ളത്. കോഴിക്കോട് ആയിരത്തോളം വിദ്യാർത്ഥികളെ മർദ്ദിച്ചു. മുതലക്കുളത്തുനിന്ന് സമാധാനപരമായിട്ടുള്ള മാർച്ച് തുടങ്ങി ഡി.ഡി. ഓഫീസിനു മുന്നിലെത്തി സമരം ഉദ്ഘാടനം ചെയ്യുന്നതിനു മുമ്പ് തന്നെ ഭീകരമായിട്ടുള്ള പോലീസ് മർദ്ദനം നടന്നു. ഇന്ന് എല്ലാ പത്രങ്ങളിലും അവിടെ കൂടിയിരുന്നു മുദ്രാവാക്യം വിളിക്കുന്ന വിദ്യാർത്ഥികളെ വനിതാപോലീസ് ഉൾപ്പെടെയുള്ളവർ വളഞ്ഞിട്ട് തല്ലുന്ന ചിത്രം വന്ന സ്ഥിതിക്കാണ് ഇവിടെ മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞിട്ടുള്ള ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വിദ്യാർത്ഥികൾ പോലീസിനെ മർദ്ദിച്ചു എന്നുള്ളമട്ടിൽ ചിത്രീകരിക്കുന്നത്. അത് വളരെ ലജ്ജാകരമാണ്, സർ അവിടെനിന്ന് അറസ്റ്റ് ചെയ്തിട്ടുള്ള പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരെ പത്ത് കിലോമീറ്റർ അകലെയുള്ള മാലൂർ കുന്നിലെ കെ.എ.പി. ക്യാമ്പിലേക്ക് കൊണ്ടുപോയി, അവിടെയിട്ടും അവരെ ഭീകരമായി മർദ്ദിച്ചു ഇന്നലെ കിളിമാനൂരിലൊക്കെ മർദ്ദനം നടന്നിരുന്നു. പെരിന്തൽമണ്ണയിലും ലോക്കപ്പ് മർദ്ദനം നടന്നിരിക്കുന്നു. വിദ്യാർത്ഥി നേതാക്കൾ ഉൾപ്പെടെയുള്ളവരെ ലാത്തിച്ചാർജിന്റെ എല്ലാ നിയമപരമായ മാനദണ്ഡങ്ങളേയും മാറ്റിമറിച്ചുകൊണ്ട് തലയ്ക്കുനോക്കിത്തന്നെ അടിക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. അവിടെ വിദ്യാർത്ഥി നേതാക്കളെയാണ് മർദ്ദിക്കുന്നത്. എസ്.എഫ്.ഐ.യുടെ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ഉദയഭാനുവിനെ തലയ്ക്ക് അടിച്ച് മാരകമായി പരിക്കേൽപ്പിച്ചതിനെ തുടർന്ന് അബോധാവസ്ഥയിൽ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിലാണ്. എല്ലായിടത്തും വിദ്യാർത്ഥി നേതാക്കളെ തിരഞ്ഞ്പിടിച്ച് അടിക്കുകയാണ്. വയനാട്ടിലെ എസ്.എഫ്.ഐ.യുടെ ജില്ലാസെക്രട്ടറിക്കും എ.വൈ.എസ്.എഫ്.-ന്റെ ജില്ലാ സെക്രട്ടറിക്കും മർദ്ദനമേറ്റു. എറണാകുളത്തും അതുപോലെതന്നെ വൈക്കത്തും എം.ജി. സർവകലാശാലാ യൂണിയന്റെ ജനറൽ സെക്രട്ടറിക്കും പ്രസിഡന്റിനും മർദ്ദനമേറ്റു. എല്ലാ സ്ഥലത്തും പ്രത്യേക നിർദ്ദേശപ്രകാരം തലക്കടിച്ച് പരിക്കേൽപ്പിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ തിരുവനന്തപുരത്ത്, ഇന്നലെ ഞാൻ പുജപ്പുരയിൽ പോയി, മിനിഞ്ഞാന്ന് 8 വിദ്യാർത്ഥികളെ കൈവിലങ്ങു വച്ചുകൊണ്ട് കോടതിയിൽ ഹാജരാക്കി. അത് എന്ത് ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സർ ? വിദ്യാർത്ഥി രംഗത്ത് നിന്ന് വന്ന നേതാക്കളും, മന്ത്രിമാരും വിവിധ യു.ഡി.എഫ്. നേതാക്കളായി ഇവിടെ ഇരിക്കുന്നുണ്ടല്ലോ, സർ കേരളത്തിൽ വിദ്യാർത്ഥി സമരത്തിന്റെ ചരിത്രത്തിൽ എന്നെങ്കിലും ഇതുപോലുള്ള ഒരു വിദ്യാർത്ഥിവേട്ട നടന്നിട്ടുണ്ടോ ? സർ, കൈവിലങ്ങ് വച്ച് കോടതിയിൽ ഹാജരാക്കുന്നത് ; സുപ്രീം കോടതി വിധിപ്രകാരം കൊടിയ ക്രിമിനലുകളെ മാത്രമേ ചെയ്യാവൂ എന്നാണ്. അങ്ങനെ നിബന്ധയുള്ള സ്ഥലത്ത് പ്രത്യേകമായി രേഖാമൂലം ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരമാണ് കൈവിലങ്ങ് വച്ചത് എന്നാണ് ഇന്നലെ വിദ്യാർത്ഥി നേതാക്കൾ പറഞ്ഞിരിക്കുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നയം വ്യക്തമാക്കണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ചുകൊണ്ട് ചർച്ചചെയ്യണമെന്നും, ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ബഹുമാനപ്പെട്ട മത്തായി ചാക്കോ ഈ അടിയന്തര പ്രമേയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. വിദ്യാർത്ഥികളുടെ സമരം ദീർഘകാലമായി നടക്കുന്നു. തുടർന്നും പ്രതിപക്ഷം ഗവൺമെന്റിനെതിരായി ഓരോ ദിവസവും ഓരോ സമരത്തിന് പരിപാടി ഇട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെ സമരം ഫീസ് വർദ്ധനവിനെതിരായിട്ടുള്ളതാണ്. ഇന്നലെ നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട സ്പീക്കറും പ്രതിപക്ഷനേതാവും അടക്കം അതിന് നിയമം കൊണ്ടുവരണം അതിനുള്ള പരിഹാരമാർഗ്ഗമുണ്ടാകണം എന്ന് പറഞ്ഞു. ഗവൺമെന്റ് അത് അംഗീകരിച്ച് മുന്നോട്ട് പോകാൻ തീരുമാനിച്ചു. ഈ സമരം നടക്കുമ്പോൾ വിദ്യാർത്ഥികളും പോലീസും തമ്മിൽ ഉന്തും തള്ളുമുണ്ടായി. പോലീസുകാർക്കും വിദ്യാർത്ഥികൾക്കും പരിക്കേറ്റു. വിദ്യാർത്ഥികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നമ്മുടെ സംസ്ഥാനത്ത് കുറേ കാലമായി കണ്ടുവരുന്ന ഒരു കാര്യം സമാധാനപരമായി സമരം നടത്താൻ പോകുന്നവർക്ക് പോലീസ് Protection കൊടുക്കും. ജാഥ പോകുമ്പോഴൊക്കെ നിങ്ങൾ പ്രതിപക്ഷത്തുള്ളപ്പോഴും ഞങ്ങൾ പ്രതിപക്ഷത്തുള്ളപ്പോഴും നിങ്ങൾ ഭരണകക്ഷിയിലുള്ളപ്പോഴും സമാധാനപരമായി ജാഥ നടത്തുന്നവർക്ക് Protection കൊടുക്കാറുണ്ട്. കല്ലേറും കുഴപ്പവുമുണ്ടാകുമ്പോൾ പോലീസ് പോലീസിന്റെ ചുമതല നിർവ്വഹിക്കും. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മത്തായി ചാക്കോ സൂചിപ്പിച്ചു. വിദ്യാർത്ഥികളെ ജയിലിൽനിന്നും കോടതിയിലേക്ക് കൊണ്ടുപോയപ്പോൾ കൈയാമം വച്ചുകൊണ്ടുപോയി എന്ന് പറഞ്ഞു. അതിനെക്കുറിച്ച് ഇത് ഏത് സാഹചര്യത്തിലാണ് ഉണ്ടായിട്ടുള്ളത് എന്നുള്ളത് അന്വേഷിക്കാൻ വേണ്ടി കമ്മിഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മുഖ്യമന്ത്രിക്കുവേണ്ടി പറഞ്ഞ മറുപടി ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. ഇന്നലെ ഈ വിഷയത്തെ സംബന്ധിച്ച് വളരെ ദീർഘമായി നമ്മൾ ചർച്ച ചെയ്തതാണ്. ഈ വിദ്യാർത്ഥികൾ തികച്ചും ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന സമരത്തെ ഒരു തരത്തിലും അന്യായമായ സമരമാണെന്ന് പറഞ്ഞുകൂട, ശരിയായ ആവശ്യത്തിനുവേണ്ടിയുള്ള സമരമാണ് അവർ നടത്തുന്നത് എന്ന് ഇന്നലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ സമരത്തെപ്പറ്റി ചിത്രീകരിക്കുകയുണ്ടായി. എന്നാൽ, ഇന്ന് മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞപ്പോഴാകട്ടെ, വിദ്യാർത്ഥികൾ പോലീസിനെ തല്ലി എന്നുള്ള നിലയിലാണ് ചിത്രീകരിച്ചത്. ഇവിടെ നടക്കുന്ന പല ലാത്തിച്ചാർജിന്റേയും കാരണം പറയാൻവേണ്ടി ചാക്കുകണക്കിന് കല്ലും വടികളും, വടിക്കകത്തുതന്നെ ആണിയടിച്ച വടികളുമൊക്കെയായിട്ടാണ് പോലീസ് നടക്കുന്നത്. ആ പോലീസിനെ സംബന്ധിച്ചാണ് എന്റെ സ്നേഹിതൻ ധനകാര്യ വകുപ്പുമന്ത്രി നിർലജ്ജമായിട്ടുള്ള നിലയിൽ ന്യായീകരിച്ചത്. വിദ്യാർത്ഥികൾ ന്യായമായ അവശ്യങ്ങൾക്കുവേണ്ടി അടികൊണ്ടും തൊഴികൊണ്ടും ഈ സമരം നടത്തുന്നത് അവരുടേയും നാട്ടിന്റേയും രക്ഷകർത്താക്കളുടേയും താൽപര്യത്തിനുവേണ്ടിയും ആവശ്യങ്ങൾക്കു വേണ്ടിയുമാണെന്ന് ഇന്നലെ നടന്ന ചർച്ചയിൽ ഗവൺമെന്റുഭാഗത്തുനിന്നുള്ള ആളുകൾക്ക് അംഗീകരിക്കേണ്ടി വന്നത് ഒരു വസ്തുതയാണ്. അങ്ങനെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന സമരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളേയും അവരുടെ നേതാക്കളേയും, (പെൺകുട്ടികളടക്കം) ഹീനമായി മർദ്ദിക്കുക മാത്രമല്ല അത്യന്തം അപമാനകരമായ നിലയിൽ, കേരളത്തിനാകെ അപമാനകരമായ നിലയിൽ വിലങ്ങുവച്ച് കോടതിയിൽ കൊണ്ടുപോകുക എന്ന നിലയിൽ ആ സംഭവം നടന്നിട്ട്, അത് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ട്, മുഖ്യമന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് മറുപടി പറഞ്ഞ ധനകാര്യവകുപ്പുമന്ത്രി ഇത് അന്വേഷിക്കാം എന്ന് പറഞ്ഞു എന്നുള്ളതല്ലാതെ 'ഇത് വളരെ തെറ്റാണ്, തികച്ചും അപമാനകരമാണ്, ഇങ്ങനെയുള്ള നിലപാട് സ്വീകരിച്ചത് ഏത് ഓഫീസറായാലും ശരിയായ നിലയിൽ സമാധാനം പറയാതെ വിടുകയില്ല' എന്ന് അങ്ങയിൽനിന്നും ഒരു മറുപടി ഞാൻ പ്രതീക്ഷിച്ചിരുന്നു. അത്യന്തം നിർഭാഗ്യകരമെന്ന് പറയട്ടെ അങ്ങ് ആ തരത്തിൽ ഒരു മറുപടി പറഞ്ഞിട്ടില്ല. ഇതിന്റെ എല്ലാറ്റിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

ഗുണഫലം അനുഭവിക്കുന്നത് ആരാണെന്ന് അറിയാമോ ? ഈ സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരാണ്. സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് സന്തോഷം ഉണ്ടാകത്തക്ക തരത്തിൽ, അവരുടെ കൊള്ളരുതായ്മകൾക്കെതിരായി സമരം നടത്തിയ വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുകയാണ് ചെയ്തത്. ഇന്നലെ അപ്പുറത്തുനിന്നും പ്രകടിപ്പിച്ച വികാരത്തിന്റെ ഒരംശമെങ്കിലും ധനകാര്യ വകുപ്പുമന്ത്രിയുടെ ഉള്ളിലുണ്ടായിരുന്നെങ്കിൽ, എന്റെ സ്നേഹിതൻ ധനകാര്യവകുപ്പുമന്ത്രി ഈ തരത്തിൽ ഒരു മറുപടി പറയുമായിരുന്നോ എന്ന് എനിക്ക് ചിന്തിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ കുട്ടികൾക്കുമേൽ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കാനും, അവരെ ഇത്തരത്തിൽ അപമാനിച്ചവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇനിയെങ്കിലും പറയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എനിക്ക് ഇരിക്കാമോ ; അതോ ഈ നിലപാടിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ പുറത്തുപോകണമോ ? ഏതാണ് വേണ്ടതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നതനുസരിച്ച് തീരുമാനിക്കും. ഇത് വിശദമായി ചർച്ച ചെയ്യേണ്ടതാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല. അത് അങ്ങ് സമ്മതിക്കുന്നുമില്ല. പിന്നെയുള്ള ഏകവഴി ഇതാണ്. അങ്ങ് അത് ചെയ്യുമോയെന്ന് ഞാൻ അൽപംകൂടി ശ്രദ്ധിക്കുകയാണ്. ഇല്ല എന്ന് കരുതുന്നതിനാൽ ഈ നടപടികളോട് ഞങ്ങളുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുവാൻവേണ്ടി ഈ സഭയിൽനിന്ന് ഞങ്ങൾ ഇറങ്ങിപ്പോകുകയാണ്.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ ആദ്യംതന്നെ പോലീസ് കമ്മിഷണറോട് ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു.

(പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

മി. സ്പീക്കർ : പോകരുതെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അഭ്യർത്ഥിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ജൂലൈ ഒന്നാം തീയതിയാണ് തിരുവനന്തപുരത്ത് ലാത്തിച്ചാർജ് നടന്നത്. രണ്ടാം തീയതി ഈ വിഷയം സഭയിൽ അടിയന്തര പ്രമേയമായി അവതരിപ്പിച്ചു. അതിന്റെ മറുപടി പറഞ്ഞ ശേഷമാണ്, തൃശൂരും മറ്റു പല സ്ഥലത്തും അടി നടന്നത്. ഞാൻ മൂന്നാം തീയതി പോയി കണ്ടതാണ്. വാനിൽ കയറ്റി കുട്ടികളെ മുട്ടുകൊണ്ടാണ് ഇടിച്ചത്. രണ്ട് വിദ്യാർത്ഥിനി നേതാക്കളെയാണ് അടിച്ച് ആശുപത്രിയിലാക്കിയത്. അതിനുശേഷം തുടർച്ചയായി അത്തരം സംഭവങ്ങളാണ് ആവർത്തിച്ചത്. കൈയിൽ വിലങ്ങുവച്ച് കൊണ്ടുപോയ സംഭവത്തെക്കുറിച്ച് കേരളത്തിന് അപമാനകരമായ രീതിയിൽ പത്രങ്ങളിൽ വാർത്ത വന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഒരു കാര്യം. ഇന്നലെ അങ്ങ് ഇവിടെ പ്രകടിപ്പിച്ച ശക്തമായ അഭിപ്രായത്തിന്, ഈ രാജ്യത്തെ മുഴുവൻ ജനങ്ങളും പിന്തുണ പ്രഖ്യാപിച്ചു കഴിഞ്ഞു. അതിനുശേഷം ഈ സഭയിലുണ്ടായ വികാരം ഉൾക്കൊണ്ടുകൊണ്ടാണോ, പരീക്ഷാ കമ്മീഷണർ ഇന്നലെ വൈകുന്നേരം ഉത്തരവ് പുറപ്പെടുവിച്ചത്. നമ്മൾ ഇവിടെ നിയമനിർമ്മാണത്തിന് മുതിരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ നടപടി എടുക്കാൻ പോയതു ശരിയല്ല. സുപ്രീം കോടതിയിൽനിന്നും ഒരു പക്ഷേ അനുകൂലമായ വിധി വന്നേക്കാം എന്നുപോലും പറഞ്ഞ മന്ത്രി, ഇന്നലെ ഉച്ച കഴിഞ്ഞ് പരീക്ഷാ കമ്മീഷണർക്ക്, 'യെല്ലോ കാർഡ് കിട്ടിയ എല്ലാപേരോടും ഉടൻവന്ന് Medical College-കളിലും Engineering College-കളിലും ചേരാൻ, നിർദ്ദേശിക്കണമെന്ന ഉത്തരവ് കൊടുത്തില്ലേ? അതിനെക്കിറിച്ച് ഇന്ന് പത്രങ്ങളിൽ (ഒരു പത്രം ഉയർത്തിക്കാണിക്കുന്നു) വാർത്തകൾ വന്നിട്ടുണ്ട്. ബോധപൂർവ്വം ഇവിടെ നിയമനിർമ്മാണം നടത്തി മാനേജുമെന്റിനെതിരായ നടപടി ഉണ്ടായാൽ ഫീസ് കുറച്ചാൽ, മെരിറ്റ് സീറ്റിൽ സർക്കാർ ഫീസിനോട് തുല്യമായി ഫീസ് ഏർപ്പെടുത്തുന്ന തരത്തിൽ നമുക്കനുകൂലമായ വിധി വന്നാൽ, മാനേജുമെന്റിനെ സഹായിക്കുന്നതിനുവേണ്ടി നിയമസഭ പിരിഞ്ഞതിനുശേഷം പരീക്ഷാ കമ്മീഷണർക്ക് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം കൊടുത്ത് പ്രത്യേകമായ പ്രസ്സ് റിലീസ് ഇറക്കിയിരിക്കുകയാണ്. അതിന്റെ അർത്ഥം ഈ കച്ചവടക്കാരെ സഹായിക്കുക എന്നുള്ളതല്ലേ? ഈ സഭയിൽ അങ്ങും, പ്രതിപക്ഷനേതാവും, അപ്പുറത്തും ഇപ്പുറത്തും ഉള്ളവരും പ്രകടിപ്പിച്ച അഭിപ്രായങ്ങളെയൊക്കെ വെല്ലുവിളിച്ചുകൊണ്ട് ഈ വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുകയല്ലേ? ഈ നടപടിയിൽ ഞങ്ങൾ പ്രതിഷേധിക്കുകയാണ്.

(ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ജൂലൈ ഒന്നാം തീയതി യാതൊരു പ്രകോപനവുമില്ലാതെ സമരം നടത്തി, തിരുവനന്തപുരത്തുനിന്നും അറസ്റ്റ് ചെയ്യപ്പെട്ട വിദ്യാർത്ഥി നേതാക്കൾ ജയിലിലാണ്.

മി. സ്പീക്കർ : ടി.വി. കണ്ടാലറിയാമല്ലോ. പ്രകോപനം ഉണ്ടായോ ഇല്ലയോ എന്ന്. ഈ രാജ്യത്തെ ജനങ്ങൾ മുഴുവനും ടി.വി. കാണുന്നുണ്ട്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, അവർക്ക് ജാമ്യം നിഷേധിച്ചുകൊണ്ടിരിക്കുന്നു എന്ന് മാത്രമല്ല, എപ്പോഴെങ്കിലും നടന്നതും രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേസുകളിൽ അവരെ പ്രതിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഒരു സംഭവം വിദ്യാർത്ഥിസമരങ്ങളുടെ ചരിത്രത്തിൽ കേരളത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. എസ്.എസ്.ഒ.യുടെ സംസ്ഥാന പ്രസിഡന്റ് ലോഹ്യ ഉൾപ്പെടെയുള്ളവർ ജയിലിലാണ്. അവരറിയാതെ അവരുടെ സാന്നിദ്ധ്യമില്ലാതിരുന്ന നിരവധി കേസുകളിൽ അവരെ വീണ്ടും പ്രതികളാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഇന്നലെ കേരളത്തിൽ ഉടനീളം നടന്ന വിദ്യാർത്ഥിവേട്ട, അതിൽ ഖേദം പ്രകടിപ്പിക്കാൻപോലും മുഖ്യമന്ത്രിക്കുവേണ്ടി ഇവിടെ മറുപടി പറഞ്ഞ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. കോഴിക്കോട് എസ്.എസ്.ഒ. ജില്ലാ പ്രസിഡന്റ് സജീവ് തലപൊട്ടി ആശുപത്രിയിലാണ്. നമ്മുടെ ഈ സഭയിലെ ഒരംഗമായ ശ്രീ. രാമകൃഷ്ണന്റെ മകൾ ജയിലിലാണ്. ഈവക കാര്യങ്ങളെ സംബന്ധിച്ചെല്ലാം മറുപടി പറയുമ്പോൾ ഇത്ര ഹൃദയശൂന്യമായി ശ്രീ. ശങ്കരനാരായണന് സംസാരിക്കാൻ കഴിയുന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. 1967-ൽ ഇ.എം.എസ്. ആഭ്യന്തര വകുപ്പ് കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത സമയത്ത് ഞങ്ങളൊക്കെ വിദ്യാർത്ഥികളായിരുന്നു, അന്ന് ഞങ്ങൾ എത്രയോ സമരങ്ങൾ നടത്തിയിട്ടുണ്ട്. അന്ന് ഇതുപോലെയുള്ള കള്ളക്കേസുകളൊന്നും എടുത്തിട്ടില്ല. ഇതുപോലെയുള്ള വിദ്യാർത്ഥി വേട്ടകൾ ഉണ്ടായിട്ടില്ല. പ്രാകൃത യുഗത്തിലേക്കാണോ നമ്മൾ പോകുന്നത് ? ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ് : സർ, കച്ചവടക്കാരുടെയും അഴിമതിക്കാരുടെയും കൂത്തരങ്ങായി മാറിയ വിദ്യാഭ്യാസ നയത്തിനെതിരെയാണ് വിദ്യാർത്ഥികൾ സമരം ചെയ്യുന്നത്. സമ്പന്ന ന്യൂനപക്ഷത്തിന് മാത്രം കടന്നുചെല്ലാവുന്ന നിലയിലേയ്ക്ക് ഉന്നതവിദ്യാഭ്യാസം അധപതിച്ചിരിക്കുകയാണ്. ആ നിലയിൽ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ അതിഹീനമായും ക്രൂരമായും മർദ്ദിക്കുകയും ജയിലിൽ അടയ്ക്കുകയും ചെയ്യുന്ന ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. എ. അസീസും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

III ശ്രദ്ധക്ഷണികകൾ

(1) മലബാർ മേഖലയിൽ ക്ഷേത്രജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, മലബാർ മേഖലയിലെ ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നില വളരെ വളരെ ദയനീയമാണ്. സാധാരണ ഒരു തൊഴിലാളിക്ക് ഒരു ദിവസം കിട്ടുന്ന വേതനം പോലും ഒരു മാസത്തിൽ കിട്ടാത്ത പരമദരിദ്രരായ ഒരു വിഭാഗമാണ് മലബാർ മേഖലയിലെ ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം വരുന്ന ജീവനക്കാരും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലയിലെ നാട്ടിക താലൂക്ക് എന്നീ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് സംരക്ഷണം നൽകുന്ന യാതൊരു വ്യവസ്ഥയും ഇന്ന് നിലവിലില്ല. എച്ച്.ആർ. ആന്റ് സി.ഇ.-യുടെ കീഴിൽ 1300 ക്ഷേത്രങ്ങളുണ്ട്. 4000-ത്തോളം സ്വകാര്യക്ഷേത്രങ്ങളുണ്ട്. ഇതിലെല്ലാം ചേർന്ന് 13,000-ത്തോളം ജീവനക്കാരുണ്ട്. എച്ച്.ആർ.ആന്റ് സി.ഇ. ഉണ്ടെങ്കിലും സാമ്പത്തിക വിനിമയം, നിയമനങ്ങൾ, ശിക്ഷാനടപടികൾ എന്നിവയെല്ലാം പാരമ്പര്യ ട്രസ്റ്റികളുടെ നിയന്ത്രണത്തിലാണ്. മലബാറിലെ ക്ഷേത്രജീവനക്കാരുടെ ജീവിത രീതിയും വേതനവും വളരെ പരിതാപകരമായി നിൽക്കുന്ന ഈ സാഹചര്യത്തിൽ അവർക്ക് സംരക്ഷണം നൽകാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. പാരമ്പര്യ ട്രസ്റ്റികളുടെ നിയന്ത്രണത്തിലാണ് എല്ലാ കാര്യങ്ങളും നടക്കുന്നത്. പല സ്ഥലത്തും കോഴ വാങ്ങി നിയമനങ്ങൾ നടക്കുകയാണ്. ഉദാഹരണത്തിന്, സാമൂതിരി മാനേജ്മെന്റ് തന്നെയാണ്. എച്ച്.ആർ.ആന്റ് സി.ഇ. വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly